"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാര്യം - പത്തനംതിട്ട ജില്ല പ്രമാടം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ സുരാജ് ജി യുടെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇ യു)വകുപ്പ്**

സ.ഉ.(സാധാ) നം.1332/2026/LSGD തീയതി,തിരുവനന്തപുരം, 22-07-2026

---

പരാമർശം:-

1. പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ 05/02/2026 തീയതിയിലെ LSGD/JD/PTA/3583/2023-B3 നമ്പർ ഉത്തരവ്
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18/05/2026- തീയതിയിലെ LSGD/PD/23101/2024-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ല പ്രമാടം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ സുരാജ് ജി തസ്തികമാറ്റം മുഖേന എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ 06.02.2019 തീയതിയിൽ പത്തനംതിട്ട നഗരസഭയിൽ സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 31.03.2022ൽ നടന്ന പരീക്ഷയിൽ ആണ് പാസ്സായിട്ടുള്ളത്. ആയതിനാൽ 01.04.2022 തീയതിയിൽ ടിയാന്റെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ പ്രൊബേഷൻ കാലയളവ് 20.02.2022 മുതൽ 02.04.2022 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

06.02.2019 ൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ സുരാജ് ജി -യുടെ പ്രൊബേഷൻ കാലയളവ്, ടിയാൾ ടി തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയായതിന്റെ തൊട്ടടുത്തദിവസം മുതൽ (20.02.2021 മുതൽ) ഒരു വർഷത്തേക്ക് പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശം (1) പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻസിപ്പൽ കോമൺ സർവ്വീസിൽ 06.02.2019 ൽ ക്ളർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ സുരാജ് ജി 31.03.2022 ൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 01.04.2022 പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 20.02.2022 മുതൽ 02.04.2022 വരെ, KS&SSRs, Part II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
ശ്രീ സുരാജ് .ജി, ക്ലാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി,പ്രമാടം ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 23-07-2026
11:01:58
സെക്ഷൻ ഓഫീസർ